# Mangalam

July 19, 2007

## ജെ–പാൽ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു

കൊച്ചി: മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ടെക്നോളജിയുടെ നേതൃത്വത്തിലുള്ള അബ്ദുൾ ലത്തീഫ് ജമീൽ പോവർട്ടി ആക്ഷൻ ലാബ് (ജെ-പാൽ) ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു.

ചെന്നൈയിലെ മുൻനിര ബിസിനസ് സ്കൂൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെൻറ് ആൻഡ് റിസർച്ച് (ഐ.എഫ്.എം. ആർ) കാമ്പസിലാണ് ജെ–പാൽ ദക്ഷിണേന്ത്യൻ ആസ്ഥാനം ആരംഭിച്ചത്.ദക്ഷിണേഷ്യയിലെ ദരിദ്ര ജനങ്ങൾക്കിടയിലുള്ള വിവിധ ക്ഷേമപദ്ധതികൾ കൂടുതൽ ഫലപ്രദമാക്കി നടപ്പാക്കുന്നതു സംബന്ധിച്ച് ജെ-പാൽ ചെന്നൈ കേന്ദ്രം മാർഗനിർദേശം നൽകും.ദാരിദ്ര്യ നിർമാർജനം സംബന്ധിച്ച് ഏറ്റവും വിപുലമായ പഠനങ്ങൾ നടത്തുന്ന കേന്ദ്രമാണ് ജെ-പാൽ. ദാരിദ്ര്യ നിർമാർജനം സംബന്ധിച്ച് വികസ്വര രാജ്യങ്ങളിലെ നയരൂപീകർണത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

# Veekshanam

July 19, 2007

## ജെ–പാൽ ഇന്ത്യയിൽ

കൊച്ചി: പ്രശസ്തമായ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ നേതൃത്വത്തിലുള്ള അബ്ദുൾ ലത്തീഫ് ജമീൽ പോവർട്ടി ആക്ഷൻ ലാബ് (ജെ-പാൽ) ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു. ചെന്നൈയിലെ മുൻനിര ബിസിനസ് സ്കൂൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് റിസർച്ച് കാംപസിലാണ് ജെ-പാൽ ദക്ഷിണേഷ്യൻ ആസ്ഥാനം ആരംഭിച്ചത്.

ഇന്ത്യയിലെ വിവിധ സർക്കാർ ഏജൻസികളുമായും സന്നദ്ധ സംഘടനകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നു ജെ-പാൽ. ഇൻഫോസിസ് സ്ഥാപകൻ നാരായണമൂർത്തി, ജെ-പാൽ ഡയറക്ടർ പ്രൊഫ. അഭിജിത് ബാനർജി തുടങ്ങിയവർ ചെന്നൈയിലെ ജെ-പാൽ സെന്റർ ഉദ്ഘാടന വേളയിൽ സന്നിഹിതരായിരുന്നു.